## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1100** **21.03.2013 ൽ മറുപടിക്ക്**

**സി.ബി.എസ്.ഇ വിദ്യാലയങ്ങളിൽ മലയാളം പഠിപ്പിക്കേണ്ടതില്ല എന്ന കോടതി വിധിയിന്മേൽ അപ്പീൽ നൽകാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| സി.ബി.എസ്.ഇ വിദ്യാലയങ്ങളിൽ മലയാളം പഠിപ്പിക്കേണ്ടതില്ലെന്നും ഗവൺമെന്റ് സ്കൂളുകളിലേതിനേക്കാൾ മികച്ച അദ്ധ്യയനം അവിടെയാണ് നടക്കുന്നതെന്നും ഈയിടെ ഒരു കോടതിവിധി വന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അപ്പീൽ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു.കേരള ഹൈക്കോടതിയുടെ 14.09.2012 ലെ 1042/12 നമ്പർ റിട്ട് അപ്പീലിലെ വിധിന്യായത്തിലാണ് സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ വിദ്യാലയങ്ങളിൽ മലയാളം നിർബന്ധമാക്കേണ്ടതില്ല എന്ന് പ്രസ്താവിച്ചത്. സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സിലബസിൽ അധ്യയനം നടത്തുന്ന കേന്ദ്രീയ വിദ്യാലയങ്ങളിലടക്കം മറ്റ് സംസ്ഥാനങ്ങളിലെ കുട്ടികൾ കൂടി പഠിക്കുന്നു എന്ന് ചൂണ്ടിക്കാട്ടിയാണ് ബഹു.കോടതി ഈ വിധി പ്രസ്താവിച്ചത്. എന്നാൽ കേരളത്തിൽ നടന്നുവരുന്ന ത്രിഭാഷാ പദ്ധതിക്ക് എതിരായതിനാൽ ഇതിനെതിരെ ബഹു.സുപ്രീംകോടതിയിൽ എസ്.എൽ.പി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച് 07.12.2012 ൽ തന്നെ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ